# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8), (3-10 ബി) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ.(സാധാ) നം.3932/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/12/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 08/06/2015-ലെ എം3-16879/2015 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/09/2015-ലെ എൽ.എഫ്.9594/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം 30/01/2008-ലെ 75326/ഫിൻ.1/2007/തസ്വഭവ നമ്പർ സർക്കുലർ, 19/12/2004-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം. 330/04/തസ്വഭവ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത് ആസ്തികളുടെ പുനരുദ്ധാരണത്തിനായി സംരക്ഷണ ഗ്രാന്റിൽ നിന്നും ചിലവഴിച്ച 4,46,693/-രൂപ, 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക (3-10 ബി) പ്രകാരം പദ്ധതി നിർവ്വഹണത്തിനായി ഡി.പി.സി അംഗീകരിച്ചതിലും അധികമായി ചിലവഴിച്ച 70,147/- രൂപ എന്നിവ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഭരണസമിതി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനം, എന്നിവ സഹിതം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച പ്രസ്തുത തുകയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിലും വിനിയോഗിച്ച തുക ക്രമീകരിക്കുന്നതിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തടസ്സം സാങ്കേതിക തലത്തിലാണെന്നതിനാലും പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെയും ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8)പ്രകാരം ചിലവഴിച്ച 4,46,693/-(നാല് ലക്ഷത്തി നാൽപത്തിയാറായിരത്തി അറനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) രൂപ, 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക(3-10 ബി) പ്രകാരം ചിലവഴിച്ച 70,147/-(എഴുപതിനായിരത്തി നൂറ്റി നാൽപത്തിയേഴ് രൂപ മാത്രം) രൂപ എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

3

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്,പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4